# സമ്പൂർണതയുടെ സമീപതയിലൂടെ പ്രത്യക്ഷതയുടെ ശ്രേഷ്ഠ സമയത്തെ സമീപം കൊണ്ടുവരൂ

ഇന്ന് ബാപ്ദാദ തന്റെ ഏറ്റവും വിശുദ്ധരും ഉയർന്നവരും മധുരമധുരമായ, കുട്ടികളെ കാണുകയാണ്. മുഴുവൻ വിശ്വത്തിൽ സമയത്തിനനുസരിച്ച് ഹോളിയെസ്റ്റ് ആത്മാക്കൾ വന്നു കൊണ്ടിരിക്കുന്നു. താങ്കളും ഹോളിയെസ്റ്റാണ് എന്നാൽ താങ്കൾ ശ്രേഷ്ഠ ആത്മാക്കൾ പ്രകൃതിജീത്തായി പ്രകൃതിയെയും സതോപ്രധാനമാക്കുന്നു. താങ്കളുടെ പവിത്രതയുടെ ശക്തി പ്രകൃതിയെയും വിശ്വത്തിന്റെ അചേതനവും സചേതനവുമായ സർവതിനെയും പവിത്രമാക്കുന്നു. താങ്കളുടെ പവിത്രതയുടെ ശക്തിയാൽ ശരീരവും പവിത്രമായത് പ്രാപ്തമാകുന്നു. ആത്മാവും പവിത്രം, ശരീരവും പവിത്രം, പ്രകൃതിയുടെ വസ്തുക്കളും സതോപ്രധാന, പാവനമാകുന്നു. അതിനാൽ വിശ്വത്തിൽ ഹോളിയെസ്റ്റ് ആത്മാക്കളാണ്. ഹോളിയെസ്റ്റാണോ? നമ്മൾ വിശ്വത്തിലെ ഹോളിയെസ്റ്റ് ആത്മാക്കളാണെന്ന് സ്വയത്തെക്കുറിച്ച് മനസ്സിലാക്കുന്നുണ്ടോ ? ഹൈയസ്റ്റുമാണ്, എന്തുകൊണ്ട് ഹൈയസ്റ്റ്? എന്തുകൊണ്ടെന്നാൽ ഉയർന്നതിലും ഉയർന്ന ഭഗവാനെ തിരിച്ചറിഞ്ഞു. ഉയർന്നതിലും ഉയർന്ന ബാബയിലൂടെ ഉയർന്നതിലും ഉയർന്ന ആത്മാക്കളായി മാറി. സാധാരണ സ്മൃതി, വൃത്തി, ദൃഷ്ടി, കൃതി എല്ലാം മാറി. ശ്രേഷ്ഠ സ്മൃതി സ്വരൂപം, ശ്രേഷ്ഠ വൃത്തി, ശ്രേഷ്ഠ ദൃഷ്ടിയായി മാറി. ആരെയും കണ്ടാൽ ഏതു മനോവൃത്തിയോടെ കാണുന്നു? സാഹോദര്യ വൃത്തിയോടെ, ആത്മീയദൃഷ്ടിയോടെ, മംഗള ഭാവനയോടെ, പ്രഭു പരിവാരത്തിന്റെ ഭാവത്തോടെ. അപ്പോൾ ഹൈയസ്റ്റായില്ലേ? മാറിക്കഴിഞ്ഞില്ലേ! എത്ര ഭാഗ്യശാലിയാണ്? ഒരു ജ്യോതിഷിയുമല്ല താങ്കളുടെ ഭാഗ്യരേഖ വരച്ചത്, സ്വയം ഭാഗ്യവിധാതാവാണ് താങ്കളുടെ ഭാഗ്യരേഖ വരച്ചത്. എത്ര വലിയ ഗ്യാരന്റിയാണ് നൽകിയിട്ടുള്ളത്? 21 ജന്മങ്ങളുടെ ഭാഗ്യത്തിന്റെ രേഖയുടെ അവിനാശി ഗ്യാരന്റിയെടുത്തിരിക്കുന്നു. ഒരു ജന്മത്തെയല്ല, 21 ജന്മം ഒരിക്കലും ദു:ഖത്തിന്റെയോ അശാന്തിയുടെയോ അനുഭൂതിയുണ്ടാകുകയില്ല. സദാ സുഖിയായിരിക്കും. മൂന്നു കാര്യങ്ങൾ ജീവിതത്തിൽ വേണം – ആരോഗ്യം, സമ്പത്ത്, സന്തോഷം. ഈ മൂന്നും തന്നെ താങ്കളേവർക്കും ബാബയിലൂടെ ആസ്തിയുടെ രൂപത്തിൽ പ്രാപ്തമായി. 21 ജന്മത്തെ ഗ്യാരന്റിയല്ലേ? എല്ലാവരും ഗ്യാരന്റിയെടുത്തോ? പുറകിലുള്ളവർക്ക് ഗ്യാരന്റി ലഭിച്ചോ? എല്ലാവരും കൈ ഉയർത്തിക്കൊണ്ടിരിക്കുകയാണ്. വളരെ നല്ലത്. കുട്ടിയാകുക അർഥം ബാബയിലൂടെ ആസ്തി ലഭിക്കുക. കുട്ടിയായി കൊണ്ടിരിക്കുകയല്ല. ആയിക്കൊണ്ടിരിക്കുകയാണോ? കുട്ടിയായി കൊണ്ടിരിക്കുകയാണോ ആയിക്കഴിഞ്ഞുവോ? കുട്ടി ആവുകയാണ് എന്നത് സംഭവിക്കില്ല. ജന്മം എടുത്തു ആയി. ജന്മം എടുത്തതും അച്ഛൻറെ ആസ്തിക്ക് അധികാരിയായിക്കഴിഞ്ഞു. അപ്പോൾ ഇങ്ങനെയുള്ള ശ്രേഷ്ഠ ഭാഗ്യം ബാബയിലൂടെ ഇപ്പോൾ പ്രാപ്തമാക്കി. പിന്നെ ഏറ്റവും സമ്പന്നരും ആണ്. ബ്രാഹ്മണ ആത്മാവ്, ക്ഷത്രിയൻ അല്ല ബ്രാഹ്മണൻ. ബ്രാഹ്മണ ആത്മാവ് നിശ്ചയത്തിലൂടെ അനുഭവം ചെയ്യുന്നു – ഞാൻ ശ്രേഷ്ഠാത്മാവ് ഞാൻ ഇന്നയാളെന്നല്ല, ലോകത്തിലെ ഏറ്റവും സമ്പന്ന ആത്മാവാണ്. ബ്രാഹ്മണൻ എങ്കിൽ ലോകത്തിലെ ഏറ്റവും സമ്പന്നനാണ് , എന്തുകൊണ്ടെന്നാൽ ബ്രാഹ്മണ ആത്മാവിന് പരമാത്മ ഓർമ്മയിലൂടെ ഓരോ ചുവടിലും കോടിയാണ്. അപ്പോൾ മുഴുവൻ ദിവസത്തിൽ എത്ര ചുവട് വയ്ക്കുന്നുണ്ടാകും? ചിന്തിക്കൂ. ഓരോ ചുവടിൽ കോടി, അപ്പോൾ മുഴുവൻ ദിവസത്തിൽ എത്ര ചുവടായി? ബാബയിലൂടെ ഇങ്ങനെയുള്ള ആത്മാക്കൾ ആയി. ഞാൻ ബ്രാഹ്മണ ആത്മാവ് എങ്ങനെയുള്ള ആത്മാവാണ് ഇത് ഓർമ്മിക്കുക തന്നെ ഭാഗ്യമാണ്. അപ്പോൾ ഇന്ന് ബാപ്ദാദ ഓരോരുത്തരുടെ മസ്തകത്തിൽ ഭാഗ്യത്തിന്റെ തിളങ്ങുന്ന നക്ഷത്രം കാണുകയാണ്. താങ്കളും സ്വന്തം ഭാഗ്യനക്ഷത്രം കാണുകയാണോ?

ബാപ്ദാദ കുട്ടികളെ കണ്ട് സന്തോഷിക്കുന്നുവോ അതോ കുട്ടികൾ ബാബയെ കണ്ട് സന്തോഷിക്കുന്നുവോ? ആരാണ് സന്തോഷിക്കുന്നത്? ബാബയോ കുട്ടികളോ? ആരാണ്? (കുട്ടികൾ) ബാബ സന്തോഷിക്കുന്നില്ലേ? ബാബ കുട്ടികളെ കണ്ട് സന്തോഷിക്കുന്നു കുട്ടികളും ബാബയെ കണ്ട് സന്തോഷിക്കുന്നു. രണ്ടുപേരും സന്തോഷിക്കുന്നുണ്ട്. എന്തുകൊണ്ടെന്നാൽ കുട്ടികൾക്ക് അറിയാം ഈ പ്രഭുമിലനം, ഈ പരമാത്മാ സ്നേഹം, ഈ പരമാത്മ സമ്പത്ത്, ഈ പരമാത്മ പ്രാപ്തികൾ ഇപ്പോഴേ പ്രാപ്തമാവുകയുള്ളൂ ഇപ്പോഴില്ലെങ്കിൽ ഒരിക്കലുമില്ല. ഇങ്ങനെയല്ലേ?

ബാപ്ദാദ ഇപ്പോൾ കേവലം ഒരു കാര്യം കുട്ടികളോട് ആവർത്തിക്കുകയാണ്. ഏത് കാര്യമാകും? മനസ്സിലായല്ലോ. ഇതാണ് ആവർത്തിച്ചു കൊണ്ടിരിക്കുന്നത് ഇപ്പോൾ ശ്രേഷ്ഠസമയത്തെ സമീപം കൊണ്ടുവരു . ഇത് വിശ്വത്തിലെ ആത്മാക്കളുടെ ശബ്ദമാണ്. പക്ഷേ കൊണ്ടുവരേണ്ടത് ആരാണ്? താങ്കളോ അതോ മറ്റാരെങ്കിലും ആണോ? ഇങ്ങനെയുള്ള സുവർണ്ണ ശ്രേഷ്ഠസമയത്തെ സമീപം കൊണ്ടുവരേണ്ടവർ താങ്കളേവരും അല്ലേ? ആണെങ്കിൽ കൈ ഉയർത്തു. ശരി പിന്നെ അടുത്ത കാര്യവുമുണ്ട് അതും മനസ്സിലാക്കിയല്ലോ അതല്ലേ ചിരിക്കുന്നത്? നല്ലത്, അതിന്റെ തീയതി ഏതാണ്? തീയതി നിശ്ചയിക്കില്ലേ? ഇപ്പോൾ

തീയതി നിശ്ചയിക്കില്ലേ അതോ വിദേശികളുടെ ടേൺ വരണോ. അപ്പോൾ ഈ തീയതി ഉറപ്പിച്ചു കഴിഞ്ഞു . അല്ലയോ സമയത്തെ സമീപം കൊണ്ടുവരുന്ന ആത്മാക്കളേ പറയൂ ഇതിന്റെ തീയതി ഏതാണ്? അത് കാണപ്പെടുന്നുണ്ടോ? ആദ്യം താങ്കളുടെ ദൃഷ്ടികളിൽ വന്ന് പിന്നെ വിശ്വത്തിലേക്ക് വരട്ടെ. ബാപ്ദാദ അമൃത വേളയിൽ വിശ്വത്തിൽ ചുറ്റിക്കറങ്ങിയപ്പോൾ കണ്ട് കണ്ട് കേട്ട് കേട്ട് ദയ തോന്നി. ആനന്ദത്തിലും ആണ് എന്നാൽ ആനന്ദത്തിനൊപ്പം ആശയകുഴപ്പത്തിലും ആകുന്നു. അപ്പോൾ ബാപ്ദാദ ചോദിക്കുകയാണ് ദാതാവിന്റെ മക്കളേ മാസ്റ്റർ ദാതാവേ എപ്പോൾ സ്വന്തം മാസ്റ്റർ ദാതാവ് പാർട്ട് തീവ്രഗതിയോടെ ലക്ഷ്യത്തിനു മുന്നിൽ പ്രത്യക്ഷമാക്കും? അതോ ഇപ്പോൾ തിരശ്ശീലയ്ക്കുള്ളിൽ തയ്യാറായിക്കൊണ്ടിരിക്കുകയാണോ? തയ്യാറെടുപ്പ് ചെയ്യുകയാണോ? വിശ്വ പരിവർത്തനത്തിന് നിമിത്ത ആത്മാക്കൾ ഇപ്പോൾ വിശ്വത്തിലെ ആത്മാക്കളുടെ മേൽ ദയ കാണിക്കൂ. സംഭവിക്കുക തന്നെ വേണം. ഇത് നിശ്ചിതമാണ്, സംഭവിക്കേണ്ടത് താങ്കൾ നിമിത്ത ആത്മാക്കളിലൂടെയും ആണ്. വൈകുന്നത് ഏതു കാര്യത്തിലാണ്? ബാപ്ദാദ ഈയൊരു ആഘോഷം കാണാൻ ആഗ്രഹിക്കുന്നു ഓരോ ബ്രാഹ്മണ കുട്ടികളുടെയും ഹൃദയത്തിൽ സമ്പന്നതയുടെയും സമ്പൂർണ്ണതയുടെയും കൊടി പാറി കാണാൻ ആഗ്രഹിക്കുന്നു. ഓരോ ബ്രാഹ്മണരുടെയും ഉള്ളിൽ സമ്പൂർണ്ണതയുടെ കൊടി പാറുമ്പോഴേ വിശ്വത്തിൽ ബാബയുടെ പ്രത്യക്ഷതയുടെ കൊടി പാറുകയുള്ളൂ. അപ്പോൾ ഈ ഫ്ളാഗ് സെറിമണി ബാപ്ദാദ കാണാനാഗ്രഹിക്കുന്നു. ശിവരാത്രിക്ക് ശിവ അവതരണത്തിന്റെ കൊടി പറപ്പിക്കുന്നത് പോലെ. ഇപ്പോൾ ശിവ ശക്തി പാണ്ഡവ അവതരണത്തിന്റെ മുദ്രാവാക്യങ്ങൾ ഉയരട്ടെ. ഒരു പാട്ട് കേൾക്കാറുണ്ടല്ലോ ശിവശക്തികൾ വന്നിരിക്കുന്നു. ഇപ്പോൾ വിശ്വം ഈ പാട്ട് പാടട്ടെ ശിവനൊപ്പം ശക്തികളും പാണ്ഡവരും പ്രത്യക്ഷമായിരിക്കുന്നു. തിരശ്ശീലയ്ക്ക് പിറകിൽ എത്ര നാൾ ഇരിക്കും! തിരശ്ശീലയ്ക്ക് പുറകിൽ ഇരിക്കുന്നത് നല്ലതായി തോന്നുന്നുണ്ടോ? കുറച്ചൊക്കെ നല്ലതായി തോന്നുന്നു! നല്ലതായി തോന്നുന്നില്ല എങ്കിൽ മാറ്റേണ്ടത് ആരാണ്? ബാബ മാറ്റുമോ? ആര് മാറ്റും? ഡ്രാമ മാറ്റുമോ അതോ താങ്കൾ മാറ്റുമോ? താങ്കളാണ് മാറ്റേണ്ടത് എങ്കിൽ വൈകുന്നത് എന്തിന്? അപ്പോൾ ഇങ്ങനെയല്ലേ മനസ്സിലാക്കേണ്ടത് – തിരശ്ശീലയ്ക്ക് പുറകിൽ ഇരിക്കുന്നത് നല്ലതായി തോന്നുന്നു? ബാപ്ദാദയ്ക്ക് ഇപ്പോൾ ഒരേ ഒരു ശ്രേഷ്ഠ ആശയാണുള്ളത് സകലരും പാട്ട് പാടണം ആഹാ! വന്നിരിക്കുന്നു, വന്നിരിക്കുന്നു, വന്നിരിക്കുന്നു. സാധിക്കുമോ? നോക്കൂ ദാദിമാർ എല്ലാവരും പറയുന്നു സാധിക്കും, പിന്നെ എന്തുകൊണ്ട് നടക്കുന്നില്ല? കാരണം എന്താണ്? എല്ലാവരും ഇങ്ങനെ ഇങ്ങനെ പറയുന്നുവെങ്കിൽ പിന്നെ കാരണമെന്താണ്? (എല്ലാവരും സമ്പന്നമായിട്ടില്ല) എന്തുകൊണ്ടായിട്ടില്ല? തീയതി പറയില്ലേ! (തീയതി ബാബാ അങ്ങ് പറയണം). ബാപ്ദാദയുടെ മഹാ മന്ത്രം ഓർമ്മയുണ്ടോ? ബാപ്ദാദ എന്താണ് പറയുന്നത്? 'എപ്പോൾ എന്നല്ല ഇപ്പോൾ' (ദാദിജി പറഞ്ഞു കൊണ്ടിരിക്കുകയാണ് ബാബാ ഫൈനൽ തീയതി അങ്ങ് തന്നെ പറയൂ ) ശരി ബാപ്ദാദ എന്ത് തീയതി പറയുമോ അപ്പോഴേക്ക് അവനവനെ പരിവർത്തനം ചെയ്തെടുക്കുമോ? പാണ്ഡവർ നിറവേറ്റുമോ? പക്കാ. അഥവാ മേലു കീഴ് ആയെങ്കിൽ എന്തു ചെയ്യണം? (ബാബ തീയതി നിശ്ചയിച്ചാൽ ആരും കയറിയിറങ്ങുക ഇല്ല.) ആശംസകൾ. നല്ലത്. ഇപ്പോൾ തീയതി പറയുന്നു നോക്കിക്കോളൂ. നോക്കൂ ബാപ്ദാദ എന്നിട്ടും ദയാമനസ്കനാണ്. അപ്പോൾ ബാപ്ദാദ തീയതി പറയുകയാണ് ശ്രദ്ധയോടെ കേൾക്കുക.

ബാപ്ദാദ എല്ലാ കുട്ടികൾക്കുമായി ഈ ശ്രേഷ്ഠ ഭാവന വയ്ക്കുകയാണ്, ആശ വയ്ക്കുകയാണ് ഏറ്റവും കുറഞ്ഞത് ആറുമാസത്തിൽ, ആറുമാസം എപ്പോൾ പൂർത്തിയാകും, (മേയിൽ) മേയിൽ മേ മേ (ഞാൻ ഞാൻ) അവസാനിപ്പിക്കുക. ബാപ്ദാദ എന്നിട്ടും മാർജിൻ തരികയാണ് ഏറ്റവും കുറഞ്ഞത് ഈ ആറുമാസത്തിനുള്ളിൽ കഴിഞ്ഞ സീസണിലും ജോലി നൽകിയിരുന്നു – അവനവനെ ജീവൻമുക്ത സ്ഥിതിയുടെ അനുഭവത്തിലേക്ക് കൊണ്ടുവരൂ. സത്യയുഗത്തിന്റെ സൃഷ്ടിയുടെ ജീവൻമുക്തിയല്ല, സംഗമയുഗത്തിന്റെ ജീവൻമുക്ത സ്ഥിതി. ഏതൊരു വിഘ്നം, സാഹചര്യങ്ങൾ, വസ്തു അല്ലെങ്കിൽ ഞാൻ എന്റേത്, ദേഹ ബോധത്തിന്റെ – ഞാൻ, ദേഹ ബോധ സേവനത്തിന്റെ – എന്റേത്, ഈ എല്ലാ പ്രഭാവത്തിൽ നിന്നും മുക്തമായി ഇരിക്കുക. ഇങ്ങനെ പറയരുത് ഞാൻ മുക്തമായിരിക്കുവാൻ ആഗ്രഹിച്ചിരുന്നു എന്നാൽ ഈ വിഘ്നം വന്നില്ലേ ഈ കാര്യം തന്നെ വളരെ വലുതായിപോയില്ലേ. ചെറിയ കാര്യം കടന്നു പോകുന്നു, ഇത് വളരെ വലിയ കാര്യമായിരുന്നു, ഇത് വളരെ വലിയ പരീക്ഷയായിരുന്നു, വലിയ വിഘ്നം ആയിരുന്നു ,വലിയ സാഹചര്യമായിരുന്നു. എത്ര തന്നെ വലുതിലും വലിയ സാഹചര്യം, വിഘ്നം, സാധനങ്ങളുടെ ആകർഷണം നേരിടട്ടെ, നേരിടും എന്നത് ആദ്യമേ തന്നെ പറഞ്ഞുതരുന്നു പക്ഷേ ഏറ്റവും കുറഞ്ഞത് 6 മാസത്തിൽ 75% മുക്തം ആകാൻ സാധിക്കുമോ? ബാപ്ദാദ 100% പറയുന്നില്ല 75% മുക്കാൽ വരെയെത്തിയാൽ പൂർണ്ണതയിൽ എത്തിച്ചേരുകതന്നെ ചെയ്യും! അപ്പോൾ ആറുമാസത്തിൽ, ഒരു മാസവും അല്ല, ആറുമാസം നൽകുകയാണ്, വർഷത്തിന്റെ പകുതി. അപ്പോൾ എന്താ ഈ തീയതി നിശ്ചയിക്കാമോ? നോക്കൂ ദാദിമാർ പറഞ്ഞിട്ടുണ്ട് നിശ്ചയിക്കൂ, ദാദിമാരുടെ നിർദ്ദേശം മാനിക്കണം അല്ലോ! റിസൾട്ട് കണ്ട് ബാപ്ദാദ സ്വതവേ ആകർഷണത്തിൽ വരണം. പറയേണ്ടതില്ലല്ലോ. അപ്പോൾ ആറുമാസവും 75 ശതമാനവും. 100 ശതമാനം പറയുന്നില്ല. അതിനു വേണ്ടി മുന്നോട്ടു സമയം നൽകും. അപ്പോൾ ഇതിൽ എവർ റെഡി

യാണോ? എവർറെഡി അല്ല ആറുമാസത്തിൽ റെഡി. ഇഷ്ടപ്പെട്ടോ അതോ കുറച്ച് ധൈര്യക്കുറവുണ്ടോ അറിയില്ല എന്താവുമോ? സിംഹവും വരും, പൂച്ചയും വരും, എല്ലാം വരും. വിഘ്നവും വരും, സാഹചര്യങ്ങളും വരും, സാധനവും വർദ്ധിക്കും, എന്നാൽ സാധനത്തിന്റെ പ്രഭാവത്തിൽ നിന്ന് മുക്തമായിരിക്കുക . ഇഷ്ടമാണെങ്കിൽ കൈ ഉയർത്തു. ടി.വി തിരിക്കൂ. നല്ലപോലെ കൈ ഉയർത്തു താഴ്ത്താൻ പാടില്ല. നല്ല ദൃശ്യമായി തോന്നുന്നു. ശരി അഡ്വാൻസ് ആശംസകൾ.

ഇതു പറയാൻ പാടില്ല എനിക്ക് ഒരുപാട് മരിച്ച്സഹിക്കേണ്ടിവരും മരിച്ചോളൂ അല്ലെങ്കിൽ ജീവിച്ചോളൂ എന്നാൽ ആകുക തന്നെ വേണം. ഈ മരിക്കൽ മധുരമായ മരണമാണ്. ഈ മരിക്കലിൽ ദു:ഖം ഉണ്ടാകുന്നില്ല. ഈ മരിക്കൽ അനേകരുടെ മംഗളത്തിന് വേണ്ടിയുള്ള മരിക്കലാണ്. അതിനാൽ ഈ മരിക്കലിൽ ആനന്ദമാണ്. ദു:ഖമല്ല സുഖമാണ്. ഒരു ഒഴികഴിവും പറയരുത്, ഇങ്ങനെ ഉണ്ടായി,അതുകൊണ്ട് സംഭവിച്ചു പോയി. ഒഴികഴിവ് നടക്കില്ല. എന്താ ഒഴികഴിവ് പറയുമോ? പറയില്ലല്ലോ! പറക്കുന്ന കലയുടെ കഴിവ് മതി മറ്റൊരു കഴിവും വേണ്ട. വീഴുന്ന കലയുടെ കഴിവ്, ഒഴി കഴിവ്, ദുർബലതയുടെ കഴിവ് ഇതെല്ലാം സമാപിച്ചു. പറക്കുന്ന കലയുടെ കഴിവ്. ശരിയല്ലേ. എല്ലാവരും തലയാട്ടിയിട്ടുണ്ട്. ആറുമാസത്തിനുശേഷം കാണാൻ വരുമ്പോൾ എങ്ങനെയായിരിക്കും മുഖം. അപ്പോഴും ഫോട്ടോ എടുക്കും.

ഡബിൾവിദേശികൾ വന്നിട്ടുണ്ടല്ലോ അപ്പോൾ ഡബിൾ പ്രതിജ്ഞ ചെയ്യാനുള്ള ദിവസം വന്നു കഴിഞ്ഞു . മറ്റുള്ളവരെ ആരെയും നോക്കേണ്ട, സീ ഫാദർ, സീ ബ്രഹ്മാ മദർ. മറ്റുള്ളവർ ചെയ്താലും ചെയ്തില്ലെങ്കിലും, എല്ലാവരും ചെയ്യും എന്നാലും അവരെ പ്രതി ദയാഭാവം വെക്കുക. ദുർബലർക്ക് ശുഭഭാവനയുടെ ബലം നൽകുക ദുർബലത നോക്കരുത്. ഇങ്ങനെയുള്ള ആത്മാക്കളെ തന്റെ ധൈര്യത്തിന്റെ കൈ കൊണ്ട് എഴുനേൽപ്പിക്കുക, ഉയർത്തുക. ധൈര്യത്തിന്റെ കൈ സദാ സ്വയം പ്രതിയും സർവ്വരെ പ്രതിയും നീട്ടി കൊണ്ടിരിക്കുക. ധൈര്യത്തിന്റെ കൈ വളരെ ശക്തിശാലിയാണ്. ബാപ്ദാദയുടെ വരദാനമാണ് ധൈര്യത്തിന്റെ ഒരു ചുവട് കുട്ടികളുടെ – ആയിരം ചുവട് ബാബയുടെ സഹായത്തിന്റെ. നിസ്വാർത്ഥ പുരുഷാർത്ഥത്തിൽ ആദ്യം ഞാൻ. നിസ്വാർത്ഥ പുരുഷാർത്ഥം, സ്വാർത്ഥ പുരുഷാർത്ഥമല്ല. നിസ്വാർത്ഥ പുരുഷാർത്ഥം ഇതിൽ ആരാണ് ആദ്യം, അവർ ബ്രഹ്മാ ബാപ്സമാനം.

ബ്രഹ്മാ ബാബയോട് സ്നേഹമല്ലേ! അവരേയല്ലേ ബ്രഹ്മാകുമാരി അഥവാ ബ്രഹ്മാകുമാരൻ എന്ന് പറയുന്നത്! വെല്ലുവിളി നടത്തുന്നുവെങ്കിൽ സെക്കൻഡിൽ ജീവൻമുക്തിയുടെ സമ്പത്ത് എടുത്തോളൂ, അതിനാൽ ഇപ്പോൾ സെക്കൻഡിൽ അവനവനെ മുക്തമാക്കുന്നതിന്റെ ജാഗ്രത. ഇപ്പോൾ സമയത്തെ സമീപം കൊണ്ടുവരൂ. താങ്കളുടെ സമ്പൂർണ്ണതയുടെ സമീപത ശ്രേഷ്ഠ സമയത്തെ സമീപം കൊണ്ടുവരും. യജമാനൻ അല്ലേ രാജാവല്ലേ! സ്വരാജ്യ അധികാരിയാണോ? എങ്കിൽ ആജ്ഞ നടത്തു. രാജാവാണെങ്കിൽ ആജ്ഞ നടത്തുമല്ലോ! ഇത് ചെയ്യരുത്, ഇത് ചെയ്യണം. ആജ്ഞ നടത്തു അത്രമാത്രം. ഇപ്പോഴിപ്പോൾ നോക്കൂ മനസ്സിനെ, എന്തെന്നാൽ മനസ്സാണ് മുഖ്യമന്ത്രി. അപ്പോൾ രാജാവേ തന്റെ മനസ്സാകുന്ന മന്ത്രിയെ സെക്കൻഡിൽ ആജ്ഞാപിച്ച് അശരീരി, വിദേഹി സ്ഥിതിയിൽ സ്ഥിതി ചെയ്യിക്കാൻ സാധിക്കുമോ? ഒരു സെക്കൻഡിൽ ആജ്ഞാപിക്കു. (5 മിനിറ്റ് ഡ്രിൽ) ശരി.

സദാ ലൗലീനവും ഭാഗ്യശാലിയുമായ ആത്മാക്കൾക്ക്, ബാപ്ദാദയിലൂടെ പ്രാപ്തമായ സർവ്വ പ്രാപ്തികളുടെ അനുഭവി ആത്മാക്കൾക്ക്,സ്വരാജ്യ അധികാരിയായി അധികാരത്തിലൂടെ സ്വരാജ്യം നടത്തുന്ന ശക്തിശാലി ആത്മാക്കൾക്ക്, സദാ ജീവൻമുക്ത സ്ഥിതിയുടെ അനുഭവി ഹൈയസ്റ്റ് ആത്മാക്കൾക്ക്, ഭാഗ്യവിധാതാവിലൂടെ ശ്രേഷ്ഠ ഭാഗ്യ രേഖയിലൂടെ ലക്കിയസ്റ്റ് ആയ ആത്മാക്കൾക്ക്, സദാ പവിത്രതയുടെ ദൃഷ്ടി, മനോവൃത്തിയിലൂടെ സ്വപരിവർത്തനം, വിശ്വപരിവർത്തനം ചെയ്യുന്നവരായ ഹോളിയസ്റ്റ് ആത്മാക്കൾക്ക് ബാപ്ദാദയുടെ സ്നേഹ സ്മരണ, നമസ്തേ.

ഡബിൾ വിദേശി അതിഥികളോട് (കോൾ ഓഫ് ടൈം പരിപാടിയിൽ വന്നിട്ടുള്ള അതിഥികളോട് ):

എല്ലാവരും തന്റെ മധുരമായ വീട്ടിൽ മധുരമായ കുടുംബത്തിൽ എത്തിച്ചേർന്നല്ലോ! ഈ ചെറിയ മധുരമായ കുടുംബം പ്രിയപ്പെട്ടതായി തോന്നുന്നില്ലേ! താങ്കളും എത്ര പ്രിയപ്പെട്ടവരായിരിക്കുന്നു! ഏറ്റവും ആദ്യം പരമാത്മപ്രിയരായി മാറി. ആയില്ലേ! ആയിക്കഴിഞ്ഞുവോ ആകുമോ? നോക്കൂ താങ്കൾ എല്ലാവരെയും കണ്ടിട്ട് എല്ലാവരും എത്ര സന്തുഷ്ടരാണ്. എന്തുകൊണ്ടാണ് സന്തോഷിക്കുന്നത്? എല്ലാവരുടെയും മുഖം നോക്കൂ വളരെ സന്തോഷിക്കുകയാണ്. എന്തുകൊണ്ട് സന്തോഷിക്കുന്നു? എന്തെന്നാൽ അറിയാം ഇവരെല്ലാം ഈശ്വരീയ സന്ദേശവാഹകരായി ആത്മാക്കൾക്ക് സന്ദേശം നൽകുന്നതിന് നിമിത്തമായ ആത്മാക്കളാണ്. (5 മണിക്കൂറിന് ) അപ്പോൾ 5 മണിക്കൂർ സന്ദേശം എത്തിച്ചേരും. എളുപ്പമല്ലേ വളരെ നന്നായി പദ്ധതി ഉണ്ടാക്കിയിട്ടുണ്ട്. ഇതിൽ പരമാത്മ ശക്തി നിറച്ച് പരിവാരത്തിന്റെ സഹയോഗവും എടുത്ത് മുന്നേറിക്കൊണ്ടിരിക്കുക. എല്ലാവരുടെയും സങ്കല്പം ബാപ്ദാദയുടെ അടുക്കൽ എത്തിച്ചേരുകയാണ്. സങ്കല്പം വളരെ നല്ല നല്ലതായി എടുക്കുന്നുണ്ട്. പദ്ധതി ഉണ്ടാക്കി കൊണ്ടിരിക്കുന്നുണ്ട്. അപ്പോൾ പദ്ധതിയെ പ്രാക്ടിക്കലിൽ കൊണ്ടുവരുന്നതിൽ ധൈര്യം താങ്കളുടെയും സഹായം ബാബയുടെയും ബ്രാഹ്മണ പരിവാരത്തിന്റെയും. കേവലം നിമിത്തമാവുക മാത്രം മതി മറ്റ് പരിശ്രമം ഒന്നും വേണ്ട. ഞാൻ പരമാ

ത്മകാര്യത്തിന് നിമിത്തമാണ്. ഏതൊരു കാര്യം ചെയ്യുമ്പോഴും ബാബാ ഞാൻ ഉപകരണം സേവാർഥം തയ്യാറാണ്. ഞാൻ ഉപകരണമാണ്. തനിയെ ചലിപ്പിക്കും. ഈ നിമിത്ത ഭാവം താങ്കളുടെ മുഖത്ത് നിർമ്മാണത്തിന്റെയും വിനയത്തിന്റെയും ഭാവം പ്രത്യക്ഷമാക്കും. സ്നേഹിക്കുന്നയാൾ നിമിത്തമാക്കി കാര്യം ചെയ്യിക്കും. മൈക്ക് താങ്കൾ മൈറ്റ് ബാബയുടെ. അപ്പോൾ സഹജമല്ലേ ! അപ്പോൾ നിമിത്തമായി ഓർമ്മയിൽ ഹാജരാവു. അത്രമാത്രം. അപ്പോൾ താങ്കളുടെ മുഖം താങ്കളുടെ രൂപം സ്വതവേ തന്നെ സേവനത്തിന് നിമിത്തമായി മാറും. കേവലം സംസാരത്തിലൂടെ സേവനം നടക്കുകയില്ല. എന്നാൽ രൂപത്തിലൂടെയും വേണം. താങ്കളുടെ ആന്തരിക സന്തോഷം മുഖത്തിലൂടെയും കാണപ്പെടും. ഇതിനെയാണ് പറയുന്നത് അലൗകികത. ഇപ്പോൾ അലൗകികമായി മാറിയില്ലേ ലൗകികത്വം അവസാനിച്ചുവല്ലോ. ഞാൻ ആത്മാവാണ് ഇത് അലൗകികം. ഞാൻ ഇന്ന ആളാണ് ഇത് ലൗകികം. അപ്പോൾ ആരാണ്? ലൗകികരാണോ അലൗകികരാണോ? അലൗകികരല്ലേ! നല്ലത്. ബാപ്ദാദ അഥവാ പരിവാരത്തിന് മുന്നിൽ എത്തിച്ചേർന്നു, ഇവർ വളരെ നന്നായി ധൈര്യം കാണിച്ചു. നോക്കൂ താങ്കളും കോടിയിൽ ചിലരായി വന്നില്ലേ. എത്ര ഗ്രൂപ്പ് ഉണ്ടായിരുന്നു, അവരിൽ എത്ര വന്നു, അപ്പോൾ കോടിയിൽ ചിലരായി വന്നതല്ലേ. ശരി ബാപ്ദാദയ്ക്ക് ഗ്രൂപ്പ് ഇഷ്ടപ്പെട്ടു. ഇതു നോക്കൂ എത്ര സന്തോഷിക്കുന്നു. താങ്കളെക്കാൾ കൂടുതൽ ഇദ്ദേഹം സന്തോഷിക്കുന്നു എന്തെന്നാൽ സേവനത്തിന്റെ റിട്ടേൺ മുന്നിൽ കണ്ട് സന്തോഷിക്കുകയാണ്. സന്തോഷിക്കുകയല്ലേ  പരിശ്രമത്തിന്റെ ഫലം ലഭിച്ചു. നല്ലത്. ഇപ്പോഴാണെങ്കിൽ ബാലകനിൽ നിന്ന് യജമാനനാണ്. ബാലകൻ മാസ്റ്ററാണ്. കുട്ടികളോട് എപ്പോഴും പറയുന്നു മാസ്റ്റർ. ശരി

**വരദാനം : സഫലമാക്കുന്നതിന്റെ വിധിയിലൂടെ സഫലതയുടെ വരദാനം പ്രാപ്തമാക്കുന്ന വരദാനി മൂർത്തിയായി ഭവിക്കട്ടെ.**

സംഗമയുഗത്തിൽ താങ്കൾ കുട്ടികൾക്ക് സമ്പത്തുമുണ്ട് എങ്കിൽ വരദാനവുമുണ്ട്  സഫലമാക്കൂ സഫലത നേടൂ. സഫലമാക്കുകയാണ് ബീജം, സഫലതയാണ് ഫലം. അഥവാ ബീജം നല്ലതാണെങ്കിൽ ഫലം ലഭിക്കാതിരിക്കുക ഇത് സംഭവിക്കുകയില്ല. അതിനാൽ മറ്റുള്ളവരോട് പറയുന്ന പോലെ സമയം, സങ്കൽപം , സമ്പത്ത് എല്ലാം സഫലമാക്കൂ. ഇങ്ങനെ തന്റെ സർവ ഖജനാക്കളുടെയും ലിസ്റ്റിനെ പരിശോധിക്കു ഏത് ഖജനാവ് സഫലമായി, ഏത് വ്യർഥമായി. സഫലമാക്കിക്കൊണ്ടിരിക്കൂ എങ്കിൽ സർവ ഖജനാക്കളാലും സമ്പനമായി വരദാനീ മൂർത്തിയായി മാറും.

**സ്ലോഗൻ:- പരമാത്മ അവാർഡ് നേടുന്നതിന് വ്യർഥത്തെയും നെഗറ്റിവിനെയും അവഗണിക്കൂ.**